# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2391** **09.12.2014-ലെ മറുപടിക്ക്**

**<u>സംസ്ഥാനത്തിന്റെ കടം</u>**

| | **ചോദ്യം** | **ഉത്തരം** |
|---|---|---|
| | **ശ്രീമതി. കെ.എസ്. സലീഖ** | **ശ്രീ. കെ.എം. മാണി**<br>**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |
| (എ) | നടപ്പുവർഷം കടപ്പത്രം വഴി എത്ര കോടി രൂപ കടം എടുക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത് ; | 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചു നൽകിയിട്ടുള്ള വായ്പാ പരിധി അനുസരിച്ച് പൊതുവിപണിയിൽ നിന്നും കടപ്പത്രം വഴി 13950.76 കോടി രൂപ സമാഹരിക്കാവുന്നതാണ്. |
| (ബി) | ആയതിൽ 2014 ഒക്ടോബർ 31 വരെ കട പ്പത്രം വഴി എത്ര കോടി രൂപ സമാഹരിച്ചു ; നടപ്പുവർഷം എത്ര കോടി രൂപ കൂടി സമാ ഹരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാ ക്കുമോ ; | 2014 ഒക്ടോബർ 31 വരെ കടപ്പത്രം വഴി 8400 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നടപ്പ് വർഷം കേന്ദ്ര സർക്കാർ അനുവ ദിച്ചുനൽകിയിട്ടുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നു കൊണ്ട് മാത്രം കടമെടുക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇങ്ങനെ കടമെടുക്കുന്ന തുക സംസ്ഥാനം വികസനച്ചെലവുകൾക്കാണോ ഉപയോഗി ക്കുന്നത് ; എങ്കിൽ വിശദാംശം വ്യക്തമാ ക്കുമോ ; | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി യാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരി ക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും 'Consolidated fund' ൽ വകയിരുത്തിയാണ് ചെലവു കൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |
| (ഡി) | എന്നാൽ ഇപ്രകാരം കടമെടുക്കുന്ന തുക റവന്യൂ ചെലവുകൾക്കാണ് നിലവിൽ ഉപ യോഗിക്കുന്നത് എന്ന വസ്തുത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് നിയമവിരു ദ്ധമാണെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | |
| (ഇ) | നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; ഈ സാമ്പത്തിക വർഷം അവ സാനം ആകുമ്പോൾ സഞ്ചിതകടം എത്ര യാകും എന്ന് വ്യക്തമാക്കുമോ ? | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2014 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ സഞ്ചിത കടം 1,19,009.07 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം അവസാനത്തിൽ സഞ്ചിതകടം എത്രയാകുമെന്ന് വ്യക്തമാക്കുവാൻ ഇപ്പോൾ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ